CYAN MAGENTA YELLOW BLACK

പേജ് 20 വില 7.00

# പ്രതിച്ഛായ

www.pratichaya.com

●വാല്യം 2 ●ലക്കം 38 ● എല്ലാ ബുധനാഴ്ചയും പ്രസിദ്ധീകരിക്കുന്നു ● 2009 ജൂൺ 10

# കേന്ദ്രത്തിൽ പുതിയ മന്ത്രിസഭ കേരളത്തിനു വികസന പ്രതീക്ഷകൾ

**പ്രൊഫ. കെ. രാജേന്ദ്രപ്രസാദ്**

കഴിഞ്ഞ കേന്ദ്രമന്ത്രിസഭ കേരളത്തിന് നാല്പതിനായിരം കോടിയുടെ വികസന പദ്ധതികൾ അനുവദിച്ചെങ്കിലും അതു മുഴുവൻ ഫലപ്രദമായി വിനിയോഗിക്കാൻ കേരള സർക്കാരിനു കഴിഞ്ഞില്ല എന്നറിഞ്ഞപ്പോൾ കേരളീയർ മുഴുവൻ മൂക്കത്തു വിരൽ വച്ചുപോയി. ഇക്കാര്യം വെളിപ്പെടുത്തിയതു പ്രധാനമന്ത്രി മൻമോഹൻ സിംഗ് തന്നെയായിരുന്നു. തെരഞ്ഞെടുപ്പു പ്രചാരണത്തിനെത്തിയ സോണിയാ ഗാന്ധിയും രാഹുൽ ഗാന്ധിയും ഇക്കാര്യത്തിന്റെ പേരിൽ കേരളഭരണത്തെ രൂക്ഷമായി വിമർശിക്കുകയും ചെയ്തു.



ഏ.കെ. ആന്റണി

"കിട്ടിയതൊന്നും മതിയല്ല, പിന്നെയും കിട്ടിയാലും മതിയല്ല" എന്ന ആർത്തിയാണു കേന്ദ്രത്തിന്റെ മുമ്പിൽ ഒരു സംസ്ഥാനം പ്രകടിപ്പിക്കേണ്ടത്. അനുവദിച്ചുകിട്ടുന്നതു സമയബന്ധിതമായി പ്രയോജനപ്പെടുത്തുകയും വീണ്ടും വീണ്ടും കണക്കുപറഞ്ഞു വാങ്ങിക്കുകയും ചെയ്യാനുള്ള സാമർത്ഥ്യമാണു സംസ്ഥാനഭരണത്തിനുണ്ടായിരിക്കേണ്ടത്. അതിനു പകരം കേന്ദ്രത്തിനെതിരെ നെടുങ്കൻ പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടെന്തു കാര്യം!



വയലാർ രവി

ഇക്കാര്യത്തിൽ തമിഴ്നാടിനെ കേരളം മാതൃകയാക്കേണ്ടതാണ്. ഒരു കാലത്തു കേരളത്തിൽ നിർമാണമേഖലയിലും മറ്റും പണിയെടുക്കാനെത്തിയിരുന്നവരധികവും തമിഴ്നാട്ടുകാരായിരുന്നു. പക്ഷേ, ഇന്നു സാഹചര്യം മാറി. തമിഴർക്കു സ്വന്തം നാട്ടിൽ തന്നെ ജോലിസാധ്യത ധാരാളമായി. അന്യസംസ്ഥാനങ്ങളിലേക്കു പോകുന്നത് അവർക്കു ലാഭകരമല്ലെന്നു വരികയും ചെയ്തു.

>> 20

## മാധവിക്കുട്ടി യാത്രയായി പ്രണയത്തിന്റെ അനശ്വരതയിലേക്ക്

2



**ലാവ്‌ലിൻ**

# കോടതിയിലെത്തിച്ച് സത്യം കണ്ടെത്തണം

**കെ.എം. മാണി**



വിവിധ അന്വേഷണ ഏജൻസികൾ ലാവ്‌ലിൻ ഇടപാടിൽ ക്രമക്കേട് കണ്ടെത്തിയ സാഹചര്യത്തിൽ കോടതി ഇക്കാര്യം പരിശോധിച്ച് സത്യം കണ്ടെത്തട്ടെ എന്ന നിലപാടായിരുന്നു സിപിഎം സ്വീകരിക്കേണ്ടിയിരുന്നതെന്ന് കേരളാ കോൺഗ്രസ് ലീഡർ കെ.എം. മാണി പറഞ്ഞു.

ബാലാനന്ദൻ കമ്മീഷന്റെ കണ്ടെത്തൽ പോലും അവഗണിച്ചാണ് ലാവ്‌ലിനുമായി ഇടപാട് നടത്തിയത്. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ പരിശോധനയിലാണ് ക്രമക്കേട് ആദ്യം കണ്ടെത്തിയത്. ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് പിന്നീട് നിയമസഭാ സബ്ജക്ട് കമ്മിറ്റി മുമ്പാകെ വന്നപ്പോൾ അന്വേഷണം വേണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തു.

സംസ്ഥാന വിജിലൻസ് അന്വേഷണം നടത്തിയപ്പോൾ ലാവ്‌ലിൻ ഇടപാടിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന് കണ്ടെത്തി. സിബിഐ അന്വേഷണം വേണമെന്ന ഹർജി ഹൈക്കോടതി പരിഗണിച്ചപ്പോൾ സിബിഐ അന്വേഷണം വേണ്ടെന്ന നിലപാട് ഇടതുസർക്കാർ സ്വീകരിച്ചു. തുടർന്ന് കോടതിയുടെ നിർദേശപ്രകാരം സിബിഐ അന്വേഷണം നടത്തിയപ്പോൾ പിണറായിക്കെതിരെ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്ന് കണ്ടെത്തി. പ്രോസിക്യൂഷന് അനുമതി ചോദിച്ചത് ഈ സാഹചര്യത്തിലാണ്. കുറ്റക്കാരെ പ്രോസിക്യൂട്ട് ചെയ്യാൻ ഇടതുസർക്കാർ അനുമതി നല്കാതിരുന്നതിൽ ന്യായമില്ല – കെ.എം. മാണി പറഞ്ഞു.

ലെനിനിസ്റ്റ് സംഘടനാ തത്ത്വങ്ങൾ ലംഘിക്കപ്പെട്ടെന്ന സിപിഎം സംസ്ഥാന സമിതിയുടെ കണ്ടെത്തൽ വിരോധാഭാസമാണ്. 1964ൽ സിപിഐയെ പിളർത്തി സിപിഎം രൂപീകരിച്ചത് തന്നെ ലെനിനിസ്റ്റ് തത്ത്വങ്ങളുടെ ലംഘനമാണ്. ഉൾപ്പാർട്ടി ജനാധിപത്യവും സ്വയം വിമർശനവും ഇല്ലാതായതാണ് സിപിഎമ്മിന്റെ ഇപ്പോഴത്തെ തകർച്ചയ്ക്ക് പ്രധാനകാരണം.

ജനാധിപത്യ കേന്ദ്രീകരണമാണ് ലെനിനിസ്റ്റ് തത്ത്വമെന്ന് പിണറായി വിജയൻ പറയുന്നു. എന്നാൽ ജനാധിപത്യ കേന്ദ്രീകരണത്തിന്റെ അടിസ്ഥാനം ഉൾപ്പാർട്ടി ജനാധിപത്യമാണ്. അത് എത്രമാത്രം സിപിഎമ്മിൽ ഉണ്ടെന്ന കാര്യമാണ് ചർച്ച ചെയ്യേണ്ടത്.

നേതൃത്വത്തെ ചോദ്യം ചെയ്യുന്നവരെ ഇല്ലാതാക്കുകയാണ് പാർട്ടി ഇപ്പോൾ ചെയ്യുന്നത്. സ്വയം വിമർശനവും ഉൾപ്പാർട്ടി ജനാധിപത്യവും ഇല്ലാതായ സിപിഎമ്മിൽ നേതൃത്വത്തിന്റെ നിലപാടിനെ ചോദ്യം ചെയ്യുന്നവരെ ലെനിനിസ്റ്റ് തത്ത്വങ്ങളുടെ ലംഘകരായി ചിത്രീകരിക്കുകയാണെന്ന് കെ.എം. മാണി പറഞ്ഞു.

ശത്രുക്കളെ ബലംപ്രയോഗിച്ച് നശിപ്പിക്കണമെന്ന ലെനിന്റെ ആശയമാണ് സിപിഎം ഇപ്പോൾ പിന്തുടരുന്നത്. 1917ലെ റഷ്യൻ വിപ്ലവം കഴിഞ്ഞപ്പോൾ പ്രതിപക്ഷവും ഫെഡറൽ ചട്ടക്കൂടുമുള്ള ഒരു ഭരണസംവിധാനം വേണമെന്നായിരുന്നു റോസാലക്സംബർഗ് പറഞ്ഞത്. ഈ ആശയത്തെ തള്ളിക്കളഞ്ഞ ലെനിൻ ശത്രുക്കളെ ബലംപ്രയോഗിച്ചു നശിപ്പിക്കാൻ പറഞ്ഞു. ലെനിൻ പോലും വിമർശനങ്ങളെ ഉൾക്കൊണ്ടിട്ടില്ലെന്നതിന്റെ സൂചനയാണിത്.

ലാവ്‌ലിൻ കേസ് വന്നപ്പോൾ സ്വയം വിമർശനത്തിന് സിപിഎം തയ്യാറായില്ലെന്നത് അവരുടെ രാഷ്ട്രീയ അപചയമാണ്. പാർട്ടി ജനറൽ സെക്രട്ടറി പോലും പിണറായി വിജയനെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നല്കേണ്ടെന്ന തീരുമാനത്തിലെത്തി. ഈ തീരുമാനം കീഴ്ഘടകങ്ങളുടെയും മന്ത്രിസഭയുടെയും പാർട്ടിയുടെയും മേൽ അടിച്ചേല്പ്പിക്കുകയായിരുന്നു – കെ.എം. മാണി പറഞ്ഞു.


*അനുസ്മരണം*



കുഞ്ചാക്കോ (1910–1976) 17

*മുഖപ്രസംഗം*

ആഹ്ലാദവും ആഘോഷവും നാളെയാകട്ടെ 2

*അവലോകനം*

അഴീക്കോടും ചില അസാംസ്കാരിക ജല്പനങ്ങളും
ബോബി കെ. മാത്യു 3

*രാഷ്ട്രീയ കേരളം*

കേരളത്തിന് ആഹ്ലാദിക്കാൻ വക; ഒപ്പം പ്രതീക്ഷിക്കാനും
സാബു ജോൺ 4

*കാഴ്ചവട്ടം*

പുലിമടയിൽപെട്ട ഭീതിയിൽ...
പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള 5

*മനസ്സറിയുക ശരീരവും*

ഏകാന്തത വ്യക്തിത്വവികാസത്തിന് തടസ്സം
ഡോ.(സി.) ഷാലു കോയിക്കര 6

*ചുവരെഴുത്തുകൾ*

ചെറിയതുറയിൽ വെടി മുഴങ്ങിയത് ആർക്കുവേണ്ടി
ശ്വേതകേതു 7

*വൈജ്ഞാനികം*

ശ്രീശങ്കരാചാര്യരും കേരള സംസ്കാരവും
ഡോ. എൻ.പി. ഉണ്ണി 9

*സംസ്കാരം*

സമകാലിക ജീവിതവും ഫോക്‌ലോറും
ഡോ. വി.എ. അഗസ്റ്റിൻ 12

*ജർമൻ ഡയറി*

ജർമനിക്ക് അറുപത് തികഞ്ഞു
ജോർജ് കുറ്റിക്കാട്ട് 15

*കഥ*

നിയമവൃത്തം
ജോസ് കെ. മാനുവൽ 18

**മറ്റു പംക്തികളും**


CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ
രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക

വാല്യം 2 ലക്കം 38

2009 ജൂൺ 10

പ്രൊഫ. ഡോ. കുര്യാസ് കുമ്പളക്കുഴി

*വിജയത്തിൽ നിന്ന് പരാജയത്തിലേക്കുള്ള ദൂരം ഒരു കാല്ചുവടു മാത്രമേയുള്ളു.*

*–നെപ്പോളിയൻ*

# ആഹ്ലാദവും ആഘോഷവും നാളെയാവട്ടെ

പാർലമെണ്ടു തെരഞ്ഞെടുപ്പിൽ തരക്കേടില്ലാത്ത വിജയം നേടിയതുകൊണ്ടു കേരളം കൈപ്പിടിയിലൊതുങ്ങി എന്നു യുഡിഎഫ് നേതൃത്വത്തിലും അണികളിലും കുറെപ്പേരെങ്കിലും വിശ്വസിക്കുന്നുണ്ടാകാം. എന്നാൽ ആഹ്ലാദിക്കാൻ സമയമായില്ല എന്ന് അവരെ ഓർമിപ്പിക്കുന്നതാണ് മെയ് 27നു നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പു ഫലം.

ആകെ 20 വാർഡുകളിലേക്കാണു തെരഞ്ഞെടുപ്പു നടക്കേണ്ടിയിരുന്നത്. പക്ഷേ, ഒരു വാർഡിൽ സിപിഎം സ്ഥാനാർത്ഥിക്ക് എതിരില്ലായിരുന്നു. ബാക്കി 19ൽ 12എണ്ണം എൽഡിഎഫ് നേടിയപ്പോൾ യുഡിഎഫിനു ലഭിച്ചത് ആറെണ്ണം മാത്രം. ബിജെപിക്കും കിട്ടി ഒരു സീറ്റ്. ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം ആദ്യം നടന്ന ഈ ഉപതെരഞ്ഞെടുപ്പുഫലം നിസ്സാരമായി തള്ളാൻ രാഷ്ട്രീയവിദഗ്ധർക്കു കഴിയുമെന്നു തോന്നുന്നില്ല.

2005ൽ നടന്ന തദ്ദേശസ്ഥാപന തെരഞ്ഞെടുപ്പ് എൽഡിഎഫ് തൂത്തുവാരുകയായിരുന്നു. 80 ശതമാനം സ്ഥാനങ്ങൾ അവർ സ്വന്തമാക്കി. ജനജീവിതത്തിന്റെ അടിത്തട്ടിലെ ഇടതുവശം ചേർന്നുള്ള ഈ ഒഴുക്കിനെ പ്രതിരോധിക്കാൻ യുഡിഎഫിനു കഴിയാതെ പോയി എന്നു വ്യക്തമാക്കുന്നതായിരുന്നല്ലോ 2006ലെ നിയമസഭാ തെരഞ്ഞെടുപ്പ് ഫലവും.

ഇതുവരെ 26 തവണയായി 405 സ്ഥാനങ്ങളിലേക്ക് ഉപതെരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ട്. അതിൽ 219 സീറ്റ് എൽഡിഎഫ് നേടിയപ്പോൾ യുഡിഎഫിന് 191 കൊണ്ടു തൃപ്തിപ്പേടേണ്ടി വന്നു. ബാക്കി 11 എണ്ണം ബിജെപിയും സ്വതന്ത്രരും പങ്കിട്ടു. 2005നെ അപേക്ഷിച്ച് യുഡിഎഫിന് ആശ്വാസം പകരുന്നതാണ്, 42 ശതമാനം വരുന്ന ഈ വിജയം.

ലോക്സഭാ തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് 27 സ്ഥാനങ്ങളിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിലും എൽഡിഎഫിനായിരുന്നു മുൻതൂക്കം. 13 സ്ഥലത്ത് എൽഡിഎഫ് ജയിച്ചപ്പോൾ യുഡിഎഫ് 11 ഉം ബിജെപി മൂന്നും സ്ഥലങ്ങളിൽ വിജയിച്ചു. പൊതു തെരഞ്ഞടുപ്പിനു തൊട്ടുമുമ്പും പിമ്പും നടന്ന ഉപതെരഞ്ഞെടുപ്പു ഫലങ്ങൾ വളരെ ഗൗരവത്തോടെ തന്നെ വിലയിരുത്തപ്പെടേണ്ടതുണ്ട്. ഏതെങ്കിലും ഒരു ഭാഗത്തു മാത്രമല്ല ഈ ജനഹിതം വെളിപ്പെട്ടത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലാണ്. അതുകൊണ്ടു തന്നെ ഇതിനൊരു പ്രാതിനിധ്യ സ്വഭാവമുണ്ട്.

ത്രിതലപഞ്ചായത്തുകളിൽ ഇടതുമുന്നണിക്കാണല്ലോ മുൻതൂക്കം എന്ന് ഉദാസീനമായി പ്രതികരിക്കുന്നവരാണു പൊതുവെ യുഡിഎഫ് നേതാക്കളും പ്രവർത്തകരും. ജനങ്ങൾക്കിടയിൽ തങ്ങൾക്കു നഷ്ടപ്പെട്ടുപോയ സ്വാധീനത്തിന്റെ ആപത്സൂചനയായി ജനാധിപത്യകക്ഷികൾ ഈ പ്രതിഭാസത്തെ വിലയിരുത്തേണ്ടിയിരിക്കുന്നു. എന്തുകൊണ്ടു ജനങ്ങളോട് ഏറ്റവും അടുത്തു നില്ക്കുന്ന ഇടങ്ങളിൽ തങ്ങൾക്കു വിജയിക്കാൻ കഴിയാതെ പോകുന്നു! പ്രാദേശിക പ്രശ്നങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ കഴിയാത്തതുകൊണ്ടാണോ? ഇടതുപക്ഷ ചിന്തകൾ സാധാരണജനങ്ങളെ കൂടുതൽ സ്വാധീനിക്കുന്നതുകൊണ്ടാണോ? രാഷ്ട്രീയപ്രവർത്തകരുടെ വ്യക്തിപരമായ മികവു കുറവാണോ? അതോ സംഘടനാതലത്തിലെ ദൗർബല്യങ്ങൾ കാരണമാണോ?

> **എല്ലാവരും പരാജയത്തിന്റെ കാരണം അന്വേഷിക്കാനാണ് കമ്മീഷനെ വയ്ക്കാറുള്ളത്. പാലക്കാട്ടെ പരാജയകാരണം കണ്ടെത്താൻ യുഡിഎഫ് കമ്മിറ്റിയെ നിശ്ചയിക്കുകയും ചെയ്തു. എന്നാൽ മറ്റു മണ്ഡലങ്ങളിൽ എന്തുകൊണ്ട് യുഡിഎഫ് ജയിച്ചു എന്നും, ആ ജയം നിലനിർത്താൻ എന്തു ചെയ്യണം എന്നും കണ്ടെത്താനും കൂടി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കണം.**

കേരളത്തിലെ പാർലമെണ്ടു വിജയത്തിൽ പ്രതിഫലിച്ചതു ഭരണവിരുദ്ധവികാരമാണെന്ന കാര്യത്തിൽ ഇടതുവലതു കക്ഷികൾക്കിടയിൽ കാര്യമായ അഭിപ്രായവ്യത്യാസമുണ്ടെന്നു തോന്നുന്നില്ല. എങ്കിൽ ഈ വികാരം 2010ൽ നടക്കാൻ പോകുന്ന ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പിലും സജീവമായി നിലനിർത്താൻ വേണ്ട കർമപരിപാടികൾ യുഡിഎഫ് ആസൂത്രണം ചെയ്യേണ്ടതല്ലേ? എല്ലാ വിജയങ്ങളും ആഘോഷിക്കപ്പെടേണ്ടതു തന്നെ. പക്ഷേ, എല്ലാ വിജയത്തിനും പിന്നാലെ പുതിയ പുതിയ അഗ്നിപരീക്ഷകൾ ഉണ്ടാകും എന്നു മറക്കരുത്. 2005ലെ ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പിലും ഭരണവിരുദ്ധ വികാരമുണ്ടായിരുന്നു. അതിന്റെ തീവ്രത ഒട്ടും കുറയാതെ സൂക്ഷിക്കാൻ എൽഡിഎഫിനു കഴിഞ്ഞതാണ് അവരുടെ തുടർവിജയത്തിന്റെ അടിസ്ഥാനം.

അതുകൊണ്ട്, അടുത്തവർഷത്തേക്കു കച്ച മുറുക്കുകയാണ് പ്രധാനകാര്യം. നാലുംകൂട്ടി മുറുക്കി വിജയം ആഘോഷിക്കാൻ വരട്ടെ. വിജയങ്ങളോടു പ്രതികരിക്കുന്ന സോണിയാ ഗാന്ധിയുടെയും രാഹുൽ ഗാന്ധിയുടെയും നിലപാടുകൾ നമുക്കു മാതൃകയാവണം. അധികാരത്തിന്റെ അകത്തളങ്ങളിലെ സുഖാലസ്യമല്ല ജനാഭിലാഷത്തിന്റെ കർമവീഥികളിലെ വിയർപ്പൊഴുക്കലാണു പ്രധാനം എന്നു പ്രഖ്യാപിച്ച രാഹുലിന്റെ രാഷ്ട്രീയ വീക്ഷണം നമ്മുടെ പ്രവർത്തകർക്കും പ്രചോദനമാകണം.

ജനകീയ പ്രശ്നങ്ങളിൽ നിഷ്കാമ ചിന്തകളോടെ ഇടപെട്ടുകൊണ്ട് ജനങ്ങളുടെ സ്നേഹവും വിശ്വാസവും ആർജിക്കാൻ യുഡിഎഫിന്റെ താഴെത്തട്ടിലുള്ള പ്രവർത്തകർക്കു കഴിയണം. അതിനു സഹായകമായ ബോധവത്കരണപരിപാടികളും മാർഗനിർദേശങ്ങളും അനിവാര്യം. ഒപ്പം സംഘടനാ സംവിധാനവും ശക്തിപ്പെടണം. എങ്കിലേ കേരളത്തിന്റെ ജനജീവിതത്തെ വിഴുങ്ങിനില്ക്കുന്ന ഇടതുനീരാളിയുടെ പിടിയിൽ നിന്നു സംസ്ഥാനത്തിനു മോചനം ലഭിക്കൂ. അതു ലഭിക്കുന്നതുവരെ ജനാധിപത്യത്തിന്റെ പറുദീസയിലേക്കു നമുക്കു പ്രവേശിക്കാൻ കഴിയുകയില്ല.

മറ്റൊരു കാര്യം കൂടി. എല്ലാവരും പരാജയത്തിന്റെ കാരണം അന്വേഷിക്കാനാണ് കമ്മീഷനെ വയ്ക്കാറുള്ളത്. പാലക്കാട്ടെ പരാജയകാരണം കണ്ടെത്താൻ യുഡിഎഫ് കമ്മിറ്റിയെ നിശ്ചയിക്കുകയും ചെയ്തു. എന്നാൽ മറ്റു മണ്ഡലങ്ങളിൽ എന്തുകൊണ്ട് യുഡിഎഫ് ജയിച്ചു എന്നും, ആ ജയം നിലനിർത്താൻ എന്തു ചെയ്യണം എന്നും കണ്ടെത്താനും കൂടി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കണം.

ആഹ്ലാദവും ആഘോഷവും നമുക്കു നാളേക്കു നീട്ടാം. ഈ പകലും രാവും നമുക്കു വിശ്രമമില്ലാതെ പണിയെടുക്കാം.

# മാധവിക്കുട്ടി യാത്രയായി പ്രണയത്തിന്റെ അനശ്വരതയിലേക്ക്



മലയാള സാഹിത്യത്തിൽ ചെറുകഥയുടെ പുതിയ വസന്തം വിരിയിച്ച കമലാദാസ് എന്ന മാധവിക്കുട്ടി എന്നെന്നേക്കുമായി വിടപറഞ്ഞു. മരിക്കുമ്പോൾ അവർ അറിയപ്പെട്ടിരുന്നത് കമലാസുരയ്യ എന്ന മുസ്ലീം പേരിലായിരുന്നു.

ഒരു ജീനിയസ്സിന്റെ ഭാവഹാവങ്ങൾ വ്യക്തിജീവിതത്തിലും സാഹിത്യജീവിതത്തിലും എന്നും വിടാതെ സൂക്ഷിച്ച ഈ എഴുത്തുകാരി, അതുകൊണ്ടു തന്നെ പലപ്പോഴും വിവാദനായികയായി മാറി. ആത്മകഥയായ 'എന്റെ കഥ' പ്രസിദ്ധീകരിച്ചു വായനക്കാരെ വല്ലാത്തൊരു ലോകത്തിലേക്കു നയിച്ച അവർ പിന്നീടു സത്യം തുറന്നു പറഞ്ഞു. കഥയിലെ പലഭാഗങ്ങളും ഭാവന മാത്രമാണെന്നും പണത്തിന്റെ ആവശ്യം വന്നപ്പോൾ എഴുതിപ്പോയതാണെന്നും.

ശ്രീകൃഷ്ണനെ മാത്രം ആദ്യവസാനം പ്രണയിച്ചുവെന്ന് ഏറ്റുപറയുന്നതിനിടയിൽ തന്നെ, 1999ൽ ഇസ്ലാം മതം സ്വീകരിച്ചു കമലാസുരയ്യായെന്നു പേരുമാറ്റിയത് മറ്റൊരു വിവാദത്തിന്റെ തുടക്കമായി. സാധാരണക്കാരുടെ വഴികൾ തീർത്തും അപരിചിതമായി കരുതുന്ന പ്രതിഭാശാലികൾ പലപ്പോഴും ഇത്തരം അവ്യാഖ്യായമായ നിലപാടുകളിലൂടെ ലോകത്തെ വിഭ്രമിപ്പിക്കാറുണ്ട്.

ഇതെല്ലാം ആസ്വാദകർ ക്ഷമയോടെ ആസ്വദിച്ചതു കമലയുടെ വിരൽത്തുമ്പിൽ വിധി നിക്ഷേപിച്ച എഴുത്തിന്റെ മാസ്മര പ്രഭാവത്തിൽ മയങ്ങിയതുകൊണ്ടാണ്. ആഖ്യാനത്തിന്റെയും ആവിഷ്ക്കാരത്തിന്റെയും തലങ്ങളിൽ അനുഭവപ്പെടുന്ന അപൂർവ ചാരുത, അവരുടെ കഥകൾ വായനക്കാർക്ക് പ്രിയങ്കരമാക്കി.

1955ൽ പ്രസിദ്ധീകരിച്ച 'മതിലുകൾ' ആദ്യ കഥാസമാഹാരമാണ്. തുടർന്ന് തരിശുനിലം, ചുവന്ന പാവാട, പക്ഷിയുടെ മണം, തണുപ്പ്, നരിച്ചീറുകൾ പറക്കുമ്പോൾ, ഭയം എന്റെ നിശാവസ്ത്രം, എന്റെ കഥ, എന്റെ സ്നേഹിത അരുണ, നീർമാതളം പൂത്തകാലം തുടങ്ങിയ രചനകൾ കൂടി പുറത്തുവന്നതോടെ മാധവിക്കുട്ടി മലയാളത്തിലെ ഒന്നാംനിര എഴുത്തുകാരിയായി മാറി.

കമലാദാസ് എന്ന പേരിലായിരുന്നു ഇംഗ്ലീഷ് രചനകൾ. സമ്മർ ഇൻ കൽക്കട്ട, കളക്റ്റഡ് പോയംസ്, ദ ഡെസൻ ഡെന്റ്സ്, ഓൾഡ് പ്ലേ ഹൗസ് ആൻഡ് അദർ പോയംസ്, ലവ് പോയംസ്, ആനമലൈ പോയംസ് തുടങ്ങിയ ആംഗലരചനകൾ ഇന്ത്യൻ ഇംഗ്ലീഷ് എഴുത്തുകാർക്കിടയിൽ അവർക്ക് ശ്രദ്ധേയമായ ഇടം നേടിക്കൊടുത്തു.

മലയാളത്തിന്റെ മാതൃത്വസങ്കല്പങ്ങളിൽ വസന്തം വിരിയിച്ച കവി ബാലാമണിയമ്മയുടെ മകളായിരുന്നു മാധവിക്കുട്ടി. കഴിഞ്ഞ തലമുറയിലെ പ്രതിഭാശാലികളിലൊരാളായ നാലപ്പാട്ടു നാരായണമേനോന്റെ സഹോദരപുത്രിയായിരുന്നു ബാലാമണിയമ്മ. തലമുറകളിലൂടെ കൈമാറിക്കിട്ടിയ സാരസ്വത പ്രഭാവം ഇങ്ങേത്തലയ്ക്കൽ അപൂർവചാരുതയോടെയാണ് സാഹിത്യ ലോകത്തിൽ നിറഞ്ഞത്. ഭർത്താവ് മാധവദാസ് ഈ നിറവിനു പ്രചോദനമേകിക്കൊണ്ടു കമലയ്ക്കൊപ്പമുണ്ടായിരുന്നു.

എഴുത്തിന്റെ ലോകത്തിലെ ഈ സുവർണഹൃദയം സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ഏറെ കൊതിച്ചു. അവരുടെ കഥകളിലും കവിതകളിലും ഒടുങ്ങാത്ത പ്രണയാതുരതയുടെ തീവ്രസ്പന്ദങ്ങൾ ആസ്വാദകർക്ക് അനുഭവിച്ചറിയാൻ കഴിയും. എല്ലാവരെയും സ്നേഹിച്ചുകൊണ്ട്, സ്നേഹത്തിന്റെ ശാശ്വത ലോകത്തേക്കാണവർ അന്ത്യയാത്ര പോയിരിക്കുന്നത്.

മെയ് 31 ഞായറാഴ്ച പുലർച്ചെ 1.55ന് പൂനെയിലെ ജഹാംഗിർ ആശുപത്രിയിൽ നിന്നാണ് മരണം അവരെ സ്നേഹപൂർവം കൂട്ടിക്കൊണ്ടു പോയത്, മരണമില്ലാത്ത ലോകത്തേക്ക്.

CYAN MAGENTA YELLOW BLACK

**അവലോകനം**

**ബോബി കെ. മാത്യു**

# അഴീക്കോടും ചില അസാംസ്കാരിക ജല്പനങ്ങളും

"പത്ര സ്വാതന്ത്ര്യവും പ്രസംഗ സ്വാതന്ത്ര്യവും എന്തിന് അനുവദിക്കണം? ശരിയെന്ന് ബോധ്യമുള്ള കാര്യങ്ങൾ ചെയ്യുന്ന ഒരു ഭരണകൂടം എന്തിന് വിമർശനങ്ങൾ ഏറ്റു വാങ്ങണം? ആശയങ്ങൾ തോക്കുകളെക്കാൾ അപകടകാരികളാണ് എന്നറിയുക. എതിരാളികൾക്ക് ഒരിക്കലും മാരകായുധങ്ങൾ നല്കിക്കൂടാ. അച്ചുകൂടം വാങ്ങി, ഭരണകൂടത്തിനെതിരെ വിഷലിപ്തമായ അഭിപ്രായങ്ങൾ രൂപപ്പെടുത്താനും പ്രചരിപ്പിക്കാനും ആരെയെങ്കിലും അനുവദിക്കുന്നത് എന്തിന്?"

1920ൽ ലെനിൻ മോസ്കോവിൽചെയ്ത പ്രസംഗത്തിലെ ഒരു ഭാഗമാണിത്. ഇന്ന് ഇന്ത്യയിലെ കമ്യൂണിസ്റ്റ് പാർട്ടികൾ ആഗ്രഹിക്കുന്നതും ഇതാണ്. നിർഭാഗ്യവശാൽ ഇന്ത്യയിൽ ജനാധിപത്യം നിലനില്ക്കുന്നു; മാധ്യമസ്വാതന്ത്ര്യവും പുലരുന്നു!




തിരുവിതാംകൂറിൽ 1920ൽ രാജഭരണത്തിനെതിരെ നിലകൊണ്ട സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തി 'സ്വദേശാഭിമാനി' എന്ന പത്രം പൂട്ടിച്ചതു ദിവാൻ പി. രാജഗോപാലാചാരിയാണ്. ലെനിനും രാജഗോപാലാചാരിയും നടപ്പിലാക്കാൻ ശ്രമിച്ച പത്രമാരണ നയങ്ങൾക്ക് ജനങ്ങൾ നല്കിയ ശിക്ഷയെന്തെന്നറിയാൻ സോവിയറ്റ് യൂണിയന്റെയും തിരുവിതാംകൂറിന്റെയും ചരിത്രം സാക്ഷി.

**റഷ്യൻ വിപ്ലവം നടന്നതിനുശേഷം റഷ്യയിൽ രണ്ടുതരം ബുദ്ധിജീവികൾ ഉണ്ടെന്ന് വിപ്ലവനായകനായ ട്രോട്സ്കി എന്ന കമ്യൂണിസ്റ്റ് സൈദ്ധാന്തികൻ അഭിപ്രായപ്പെട്ടു. ഒന്ന് പാർട്ടി അംഗങ്ങളായ ബുദ്ധിജീവികൾ. രണ്ട് പാർട്ടി അംഗങ്ങളല്ലാത്ത, അനുഭാവികളായ ബുദ്ധിജീവികൾ. അവരെ വിശേഷിപ്പിക്കാൻ ട്രോട്സ്കി ഉപയോഗിച്ച പദമാണ് ഫെലോ ട്രാവലർ (സഹയാത്രികർ). കമ്യൂണിസ്റ്റ് സഹയാത്രികരുടെ പ്രധാന സവിശേഷത നിഷ്പക്ഷരെന്ന് ഭാവിക്കുകയും മാലോകരെ ബോധ്യപ്പെടുത്തുകയും ചെയ്യും. ഈ സഹയാത്രികരാവും ഗവൺമെണ്ടുകൾ പുറപ്പെടുവിക്കുന്ന അവാർഡുകൾ, സ്ഥാനമാനങ്ങൾ എന്നിവ കരസ്ഥമാക്കുന്നത്. ഇവരിൽ അഗ്രഗണ്യനായിരിക്കുന്ന സഹയാത്രികൻ സുകുമാർ അഴീക്കോടാണ്.**

ഇന്ത്യയിലെ കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് (ലെനിനിസ്റ്റ്) പാർട്ടി ലെനിൻ നടേ പറഞ്ഞ ആശയത്തെ ഇപ്പോഴും സ്വപ്നം കാണുന്നു. അതിനാലാണ് പിണറായി വിജയന്റെ അഴിമതിയെപ്പറ്റിയും സ്വീകാര്യമല്ലാത്ത പൊതുപ്രവർത്തന സമീപനങ്ങളെക്കുറിച്ചും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ 'മാധ്യമ സിൻഡിക്കേറ്റുകളുടെ താത്പര്യം' എന്ന് ആക്ഷേപിച്ച് പിണറായി വിജയനും അദ്ദേഹത്തിന്റെ രാഷ്ട്രീയ ബന്ധുക്കളും മാധ്യമങ്ങളെയും മാധ്യമപ്രവർത്തകരെയും ആകാവുന്ന വിധത്തിൽ ആശയപരമായും കായികമായും നേരിടാൻ ശ്രമിക്കുന്നത്.

മാതൃഭൂമി പത്രത്തെ കായികമായി നേരിട്ട് നാശനഷ്ടങ്ങൾ വരുത്തിയതിന് നേതൃത്വം നല്കിയ ആൾക്ക് കോഴിക്കോട് ലോക്സഭാ സീറ്റ് നല്കിയാണ്, പിണറായി വിജയൻ തന്റെ ആശ്രിതവാത്സല്യം പ്രകടിപ്പിച്ചത്. കോഴിക്കോട്ടെ ജനങ്ങൾ അതിനെ എത്രയോ സമർത്ഥമായി അട്ടിമറിച്ചു. ഇടതുപക്ഷ സ്ഥാനാർത്ഥികൾ പാർലമെണ്ടിൽ ചെയ്യാനിടയുള്ള കൃത്യങ്ങൾ എന്താണെന്ന് കൃത്യമായി നിർവചിക്കാൻ കഴിഞ്ഞുവെന്നതാണ് 2009ലെ പാർലമെണ്ട് തെരഞ്ഞെടുപ്പിലെ ഐക്യജനാധിപത്യമുന്നണിയുടെ വിജയം കാണിക്കുന്നത്. ദയനീയമായ തോല്‌വി വിലയിരുത്താൻ 2009 മെയ് മാസം 27,28 തീയതികളിൽ സിപിഎം അഖിലേന്ത്യാ സെക്രട്ടറി പ്രകാശ് കാരാട്ടിന്റെ സാന്നിധ്യത്തിൽ ചേർന്ന വിശകലന യോഗത്തിനു ശേഷം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ നടത്തിയ പത്രസമ്മേളനത്തിൽ തോല്‌വിയുടെ മുഖ്യകാരണം പാർട്ടിയുടെ ലെനിനിസ്റ്റ് നയങ്ങൾ അവഗണിച്ചതാണെന്ന് വെളിപ്പെടുത്തി. ഇതൊരു അപകട സൂചനയാണ്. ലെനിന്റെ മോസ്കോ പ്രസംഗത്തിന്റെ സാരാംശത്തെ കേരളത്തിലെങ്കിലും നടപ്പിലാക്കാൻ പിണറായി പക്ഷം ശ്രമിക്കുന്നതിന്റെ ആദ്യ സൂചന 2009 മെയ് 27ലെ ദേശാഭിമാനി പത്രത്തിൽ മറയില്ലാതെ എന്ന പംക്തിയിൽ സുകുമാർ അഴീക്കോടിന്റെ 'മാധ്യമങ്ങൾ സ്വയം പരിശോധിക്കുമോ? എന്ന ലേഖനത്തിലുണ്ട്.

റഷ്യൻ വിപ്ലവം നടന്നതിനുശേഷം റഷ്യയിൽ രണ്ടുതരം ബുദ്ധിജീവികൾ ഉണ്ടെന്ന് വിപ്ലവനായകനായ ട്രോട്സ്കി എന്ന കമ്യൂണിസ്റ്റ് സൈദ്ധാന്തികൻ അഭിപ്രായപ്പെട്ടു. ഒന്ന് പാർട്ടി അംഗങ്ങളായ ബുദ്ധിജീവികൾ. രണ്ട് പാർട്ടി അംഗങ്ങളല്ലാത്ത, അനുഭാവികളായ ബുദ്ധിജീവികൾ. അവരെ വിശേഷിപ്പിക്കാൻ ട്രോട്സ്കി ഉപയോഗിച്ച പദമാണ് ഫെലോ ട്രാവലർ (സഹയാത്രികർ). കമ്യൂണിസ്റ്റ് സഹയാത്രികരുടെ പ്രധാന സവിശേഷത നിഷ്പക്ഷരെന്ന് ഭാവിക്കുകയും മാലോകരെ ബോധ്യപ്പെടുത്തുകയും ചെയ്യും. ഈ സഹയാത്രികരാവും ഗവൺമെണ്ടുകൾ പുറപ്പെടുവിക്കുന്ന അവാർഡുകൾ, സ്ഥാനമാനങ്ങൾ എന്നിവ കരസ്ഥമാക്കുന്നത്. ഇവരിൽ അഗ്രഗണ്യനായിരിക്കുന്ന സഹയാത്രികൻ സുകുമാർ അഴീക്കോടാണ്.

മലയാളത്തിലെ സാഹിത്യവിമർശനത്തെക്കുറിച്ച് അഭിമാനിക്കാൻ തക്കവിധത്തിലുള്ള പുസ്തകമെഴുതിയ അഴീക്കോട്. ഗാന്ധിജിയെക്കുറിച്ച് മലയാളത്തിലിറങ്ങിയ ഏറ്റവും നല്ല പുസ്തകങ്ങളിലൊന്ന് 'മാഹാത്മാവിന്റെ മാർഗം' എന്ന പുസ്തകമാണ്. ഈ ഗ്രന്ഥകർത്താവ് എപ്പോഴും അവകാശപ്പെടുന്നത് താനൊരു ഗാന്ധിയനാണെന്നാണ്. ഉപനിഷത്തിനെക്കുറിച്ച് ആധികാരികമായി എഴുതിയ 'തത്ത്വമസി' അഴീക്കോടിനെ ഉപനിഷദ് പണ്ഡിതനുമാക്കി. ഈ വിശേഷണങ്ങൾ ആഭരണങ്ങൾ പോലെ അണിഞ്ഞുകൊണ്ട് വെറും പിണറായി പക്ഷക്കാരനായി മാറിയ അഴീക്കോട് കേരളത്തിൽ തന്റെ സ്ഥാനം എവിടെയെന്ന് സ്വയം ആലോചിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ലാവ്‌ലിൻ കേസിൽ പ്രതിയാക്കപ്പെട്ടതിനുശേഷം കമ്യൂണിസ്റ്റ് സെക്രട്ടറി പിണറായി വിജയനെതിരേ വാർത്തകൾ നല്കിയതിന് പിണറായി കേരളത്തിലെ എല്ലാ പത്രക്കാരെയും അടച്ചാക്ഷേപിച്ച് സംസാരിക്കുന്നുവെന്നു മാത്രമല്ല രാഷ്ട്രീയപ്രവർത്തകന്റെ മാന്യത ലംഘിച്ചുകൊണ്ട് പത്രാധിപൻമാരുടെ പേരെടുത്ത് പറഞ്ഞ് അണികളെ പ്രകോപിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. മിമിക്സ് പരേഡുകാരുടെ ശൈലിയിൽ, "എടോ ഗോപാലകൃഷ്ണാ" എന്ന് വിളിച്ച് മാതൃഭൂമി പത്രത്തിന്റെ പത്രാധിപരായിരുന്ന എൻ. ഗോപാലകൃഷ്ണനെതിരെ എത്ര നിന്ദ്യമായാണ് പിണറായി ആക്ഷേപങ്ങൾ ചൊരിഞ്ഞത്. അത് അഴീക്കോട് അറിഞ്ഞതുമില്ല. അറിഞ്ഞിരുന്നെങ്കിൽ വിപ്ലവത്തിന്റെ വഴികളിൽ നേരിട്ട അഗ്നിപരീക്ഷണം മാത്രമാണെന്ന് അദ്ദേഹം ലേഖനമെഴുതിയേനെ!

>> 8

## പ്രതിച്ഛായ പ്രചാരണ പരിപാടി

പ്രതിച്ഛായയുടെ ചുമതലയുള്ള, പാർട്ടി ജനറൽ സെക്രട്ടറി ശ്രീ. പി.ടി. ജോസ്, എല്ലാ ജില്ലകളിലും താഴെപ്പറയുന്ന തീയതികളിൽ ചേരുന്ന ജില്ലാ സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതാണ്.

നിലവിലുള്ള വരിക്കാരുടെ വരിസംഖ്യ പുതുക്കുക, പുതിയ വരിക്കാരെ ചേർക്കുക, ഓണപ്പതിപ്പിലേക്ക് പരസ്യങ്ങൾ ശേഖരിക്കുക എന്നിവയാണ് ജനറൽ സെക്രട്ടറിയുടെ പര്യടനലക്ഷ്യം.

കഴിയുന്നിടത്തോളം എല്ലാ ഭാരവാഹികളും അതത് ജില്ലാ സമ്മേളനങ്ങളിൽ പങ്കെടുക്കണമെന്ന് പ്രത്യേകം താത്പര്യപ്പെടുന്നു.

| തീയതി | ജില്ല | സമയം |
|---|---|---|
| 30-05-09 | കണ്ണൂർ | 11 a.m |
| 31-05-09 | വയനാട് *(ബത്തേരി)* | 2 p.m |
| 2-06-09 | പാലക്കാട് | 3 p.m |
| 3-06-09 | മലപ്പുറം *(ജെസീന ടൂറിസ്റ്റ് ഹോം)* | 3 p.m |
| 5-06-09 | തൃശ്ശൂർ *(ജില്ലാ കമ്മിറ്റി ഓഫീസ്)* | 11 a.m |
| 5-06-09 | എറണാകുളം ടി.ബി. | 3 p.m |
| 6-06-09 | ആലപ്പുഴ | 2 p.m |
| 6-06-09 | കോട്ടയം | 4 p.m |
| 7-06-09 | ഇടുക്കി | 11 a.m |
| 13-06-09 | കാസർഗോഡ് *(കാഞ്ഞങ്ങാട്)* | 2 p.m |
| 14-06-09 | കോഴിക്കോട് | 11 a.m |
| 20-06-09 | കൊല്ലം *(കൊട്ടാരക്കര)* | 3 p.m |
| 22-06-09 | തിരുവനന്തപുരം | 2 p.m |

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



**രാഷ്ട്രീയ കേരളം**

**സാബു ജോൺ**

# കേരളത്തിന് ആഹ്ലാദിക്കാൻ വക; ഒപ്പം പ്രതീക്ഷിക്കാനും

**കേ**രളത്തിന് ആഹ്ലാദിക്കാൻ വകയുണ്ട്. പാർലമെണ്ട് തിരഞ്ഞെടുപ്പിൽ രാജ്യം ചിന്തിച്ച വഴിയേ ചിന്തിച്ച കേരളത്തിന് യുപിഎ സർക്കാർ പ്രതീക്ഷിച്ചതിലും വലിയ പാരിതോഷികമാണ് നല്കിയിരിക്കുന്നത്.

മൊത്തം പതിനാറ് എംപിമാരെ ഭരണമുന്നണിക്കു നല്കിയതിനു പ്രതിഫലമായി ആറു കേന്ദ്രമന്ത്രിമാരെയാണ് കേരളത്തിനു നല്കിയിരിക്കുന്നത്. കേരളത്തേക്കാൾ കൂടുതൽ എംപിമാരെ അയച്ച ആന്ധ്രയ്ക്കും മഹാരാഷ്ട്രയ്ക്കും ഉത്തർപ്രദേശിനുമൊക്കെ കിട്ടിയതിനേക്കാൾ മുന്തിയ പരിഗണന കേരളത്തിനു ലഭിച്ചിരിക്കുന്നു. തത്ക്കാലത്തേക്കെങ്കിലും കേരളത്തിനു പരാതിപ്പെടാൻ യാതൊരു വകുപ്പുമില്ല!

കേന്ദ്രാവഗണനയെക്കുറിച്ചുള്ള കേരളത്തിന്റെ പരാതിയ്ക്ക് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. മൊത്തം കേന്ദ്രനിക്ഷേപത്തിന്റെ ശതമാനക്കണക്കെടുത്താൻ ആ പരാതിയിൽ കുറേയൊക്കെ കഴമ്പുണ്ടുതാനും. എന്നാൽ കഴിഞ്ഞ യുപിഎ സർക്കാരിന്റെ ഭരണകാലത്ത് കേരളത്തിലേക്കു വൻതോതിൽ കേന്ദ്രനിക്ഷേപം എത്തി എന്നുള്ള കാര്യത്തിൽ തർക്കമില്ല.

കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ 43,000 കോടി രൂപയുടെ പദ്ധതികൾ കേന്ദ്രം കേരളത്തിന് അനുവദിച്ചു എന്നത് യാഥാർത്ഥ്യമാണ്. കേരളം ഭരിക്കുന്ന ഇടതുസർക്കാർ അതു നിഷേധിച്ചിട്ടുമില്ല. അതിന്റെ ക്രെഡിറ്റ് ആർക്കെന്ന കാര്യത്തിൽ മാത്രമാണ് തർക്കം.

യുപിഎ സർക്കാരിനു പിന്തുണ കൊടുത്തിരുന്ന ഇടതുപക്ഷത്തിന്റെ ശക്തമായ സമ്മർദം കൊണ്ടാണ് കേന്ദ്രം കേരളത്തെ ഇത്രയുമൊക്കെ പരിഗണിച്ചതെന്നാണ് കേരളത്തിന്റെ വ്യവസായ മന്ത്രി എളമരം കരീം പറഞ്ഞത്. എന്നാൽ അരിവിഹിതവും വൈദ്യുതി വിഹിതവും വെട്ടിക്കുറച്ചതിന്റെ പേരിലുള്ള പഴിയത്രയും ഇടതുപക്ഷക്കാർ കോൺഗ്രസിനു കൊടുക്കുകയും ചെയ്തു.

**മൊത്തം പതിനാറ് എംപിമാരെ ഭരണമുന്നണിക്കു നല്കിയതിനു പ്രതിഫലമായി ആറു കേന്ദ്രമന്ത്രിമാരെയാണ് കേരളത്തിനു നല്കിയിരിക്കുന്നത്. കേരളത്തേക്കാൾ കൂടുതൽ എംപിമാരെ അയച്ച ആന്ധ്രയ്ക്കും മഹാരാഷ്ട്രയ്ക്കും ഉത്തർപ്രദേശിനുമൊക്കെ കിട്ടിയതിനേക്കാൾ മുന്തിയ പരിഗണന കേരളത്തിനു ലഭിച്ചിരിക്കുന്നു. തത്ക്കാലത്തേക്കെങ്കിലും കേരളത്തിനു പരാതിപ്പെടാൻ യാതൊരു വകുപ്പുമില്ല!**

ആ സമയത്ത് ഇടതുപക്ഷക്കാരുടെ സമ്മർദശക്തിക്കെന്തു പറ്റിയെന്നു മാത്രം പറയുന്നില്ല.

അതെന്തെങ്കിലുമാകട്ടെ, ഇനിയുള്ള കാര്യങ്ങളെക്കുറിച്ചു ചിന്തിക്കാം. മികച്ച ഭരണത്തിന്റെ പേരിലാണ് രാജ്യത്തെ ജനങ്ങൾ ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള സർക്കാരിന് ഒരവസരം കൂടി നല്കിയത്. വികസനകാര്യത്തിൽ ദിശാബോധത്തോടെ പ്രവർത്തിക്കാൻ ആ സർക്കാരിനു സാധിച്ചു. സ്വഭാവികമായും കഴിഞ്ഞ ഭരണത്തിന്റെ തുടർച്ചയിലും വികസനകാര്യത്തിൽ നമ്മുടെ രാജ്യം പിന്നോക്കം പോകില്ലെന്നു പ്രതീക്ഷിക്കാം.

ഇവിടെയാണ് കേരളത്തിനു പ്രതീക്ഷയ്ക്കു വകയുള്ളത്. കേരളത്തിൽ നിന്നു കേന്ദ്ര മന്ത്രിസഭയിൽ ഇടം കണ്ടെത്തിയ ആറു പേർക്ക് വികസനകാര്യത്തിൽ ഒരു കുതിച്ചുചാട്ടം നടത്തുന്നതിനു സംസ്ഥാനത്തെ സഹായിക്കാൻ സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. മാത്രമല്ല, ശശി തരൂരിനെപ്പോലെ തികച്ചും പ്രഫഷണലുകളായ നേതാക്കൾ വികസനത്തെക്കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കുവച്ചിട്ടുണ്ട്. ഇവരിൽ നിന്നൊക്കെ നമുക്കു തീർച്ചയായും നല്ലതു പ്രതീക്ഷിക്കാം.

കഠിനാധ്വാനവും അർപ്പണ മനോഭാവവും പ്രകടിപ്പിക്കാത്തവർ മന്ത്രിസഭയിൽ നിന്ന് പുറത്തുപോകേണ്ടി വരും എന്ന സോണിയാഗാന്ധിയുടെ മുന്നറിയിപ്പ് ഏറെ മാതൃകാപരവും പ്രതീക്ഷാനിർഭരവുമാണ്. ജനാധിപത്യ സംവിധാനത്തിലെ യജമാനന്മാരായ ജനങ്ങളുടെ യഥാർത്ഥ പ്രതിനിധിയാണ് യുപിഎ അധ്യക്ഷയിൽ നമുക്കു കാണുവാൻ സാധിച്ചത്. ഇത് കൂടുതൽ പ്രതീക്ഷയാണ് രാജ്യത്തെ ജനങ്ങൾക്ക് നല്കുന്നത്.

വിഴിഞ്ഞം തുറമുഖം മുതൽ ഹൈക്കോടതി ബെഞ്ചുവരെയുള്ള കേരളത്തിന്റെ ആവശ്യങ്ങളുടെ പട്ടിക നീണ്ടതാണ്. ഇതൊക്കെ സാധിച്ചെടുക്കാൻ കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്ക് ഒറ്റക്കെട്ടായി നില്ക്കാൻ സാധിക്കുമോയെന്നതാണ് പ്രസക്തമായ ചോദ്യം. അതോ ഇത്രയും കാലം ചെയ്തതു പോലെ, ഭരിക്കേണ്ട സമയത്ത് തമ്മിലടിച്ചു നടന്ന ശേഷം കേന്ദ്രത്തിനു മേൽ പഴിചാരി തടിയൂരുന്ന സമീപനം കേരള സർക്കാർ കൈക്കൊണ്ടാൽ നമുക്കു കൈവന്നിരിക്കുന്ന സുവർണാവസരം തട്ടിത്തെറിപ്പിക്കുന്നതിനു തുല്യമാകും.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിന്റെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം തുറമുഖം അനുവദിച്ചു കിട്ടിയത് കേന്ദ്രപ്രതിരോധ മന്ത്രി എ.കെ. ആന്റണിയുടെ ജാഗ്രതയോടെയുള്ള പ്രവർത്തനം മൂലമാണ്. എന്നാൽ പദ്ധതി കേരളത്തിന്റെ കൈയിലേക്കു കിട്ടിയതു മുതൽ വിവാദത്തിലായി. സുപ്രീംകോടതിയിൽ വരെ കേസുമായി പദ്ധതിയുടെ നടപടിക്രമങ്ങൾ ഇഴയുകയാണിപ്പോൾ. ഇതു തന്നെയാണ് ആശങ്കപ്പെടുത്തുന്ന കാര്യവും.

വികസനത്തിന്റെ കാര്യത്തിലെങ്കിലും രാഷ്ട്രീയം മറന്ന് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഒറ്റക്കെട്ടായി നിന്നാൽ കേരളത്തിന് ഏറെ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും. അതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ഇരുപക്ഷത്തിനുമുണ്ടായാൽ കേരളം രക്ഷപ്പെട്ടു.

**കേരളത്തിൽ നിന്നു കേന്ദ്ര മന്ത്രിസഭയിൽ ഇടം കണ്ടെത്തിയ ആറു പേർക്ക് വികസനകാര്യത്തിൽ ഒരു കുതിച്ചുചാട്ടം നടത്തുന്നതിനു സംസ്ഥാനത്തെ സഹായിക്കാൻ സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. മാത്രമല്ല, ശശി തരൂരിനെപ്പോലെ തികച്ചും പ്രഫഷണലുകളായ നേതാക്കൾ വികസനത്തെക്കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കുവച്ചിട്ടുണ്ട്. ഇവരിൽ നിന്നൊക്കെ നമുക്കു തീർച്ചയായും നല്ലതു പ്രതീക്ഷിക്കാം.**

## ഇനിയും പാഠം പഠിക്കാത്തവർ

**തി**രഞ്ഞെടുപ്പു വിജയത്തിന്റെ ആഘോഷത്തിലാണ് കേരളത്തിലെ യുഡിഎഫ്. മറുവശത്ത് ഇടതുപക്ഷമാകട്ടെ ഇപ്പോഴും തിരഞ്ഞെടുപ്പു പരാജയത്തിന്റെ ആഘാതത്തിലും.

കേരളത്തിലെ ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം ഇതു ചരിത്രത്തിലെ ഏറ്റവും വലിയ തിരിച്ചടിയൊന്നുമല്ല. നാലിൽ കുറവു സീറ്റുകളിൽ മാത്രമായി കേരളത്തിൽ ഇടതുപക്ഷം പലതവണ ഒതുങ്ങിപ്പോയിട്ടുണ്ട്.

എന്നാൽ ഇത്തവണത്തെ തിരഞ്ഞെടുപ്പു പരാജയം വേറിട്ടു നില്ക്കുകയാണ്. അഞ്ചുവർഷം മുമ്പ് പതിനെട്ട് പാർലമെണ്ട് സീറ്റുകളിൽ വിജയിക്കുകയും മൂന്നു വർഷം മുമ്പ് നൂറ് നിയമസഭാ സീറ്റുകളിൽ വിജയിക്കുകയും ചെയ്ത ശേഷമാണ് ഇടതുമുന്നണി പരാജയത്തിന്റെ പടുകുഴിയിലേക്കു വീണുപോയത്.

അതിന്റെ കാരണങ്ങൾ അന്വേഷിക്കാൻ പാഴൂർ പടിപ്പുര വരെ പോകേണ്ട കാര്യമില്ല. സാമാന്യം രാഷ്ട്രീയബോധമുള്ള എല്ലാവർക്കും അറിയാവുന്ന കാര്യങ്ങൾ തന്നെയാണ്. സിപിഎമ്മിലെ തമ്മിൽത്തല്ലും ഭരണത്തിൽ ദിനംപ്രതിയെന്നോണം അരങ്ങേറിക്കൊണ്ടിരുന്ന വിവാദങ്ങളും ജനങ്ങളെ അകറ്റുന്ന നയങ്ങളും നേതാക്കളുടെ സംസാരവുമെല്ലാം സാധാരണക്കാരെ ഇടതുമുന്നണിക്ക് എതിരാക്കി മാറ്റി. പാർട്ടിയിലെ നല്ലൊരു വിഭാഗവും നേതൃത്വത്തിന്റെ പോക്കിൽ അസംതൃപ്തരായിരുന്നു. ഇതാണ് പ്രാദേശികമായി വിമതശബ്ദമുയരാൻ ഇടയാക്കിയത്. എന്നാൽ ഇതെല്ലാം അവഗണിച്ച് തങ്ങൾ ചെയ്യുന്നതെല്ലാം ശരി എന്ന നിലപാടിലായിരുന്നു പാർട്ടി നേതൃത്വം മുന്നോട്ടു പോയിരുന്നത്. അതായത് സാധാരണജനം എങ്ങനെ ചിന്തിക്കുന്നു എന്നു തിരിച്ചറിയാൻ പോലും കഴിയാത്ത വിധം പാർട്ടി ജനങ്ങളിൽ നിന്നും അകന്നു പോയിരിക്കുന്നു.

തിരഞ്ഞെടുപ്പു സമയത്തും പാർട്ടി ചെയ്തതൊക്കെ ജനങ്ങളിൽ സംശയവും അകൽച്ചയും സൃഷ്ടിക്കാൻ മാത്രം സഹായിക്കുന്ന കാര്യങ്ങളായിരുന്നു. പിഡിപി ബന്ധത്തെ ഇടതുപക്ഷവീക്ഷണമുള്ളവർക്ക് അംഗീകരിക്കാൻ സാധിക്കുമായിരുന്നില്ല. മുന്നണിയിലെ ഘടകകക്ഷികളെ അകറ്റിക്കൊണ്ട് തിരഞ്ഞെടുപ്പായപ്പോഴേക്കും സിപിഎം അവരുടെ തന്നെ ശവപ്പെട്ടിയിലെ അവസാന ആണി കൂടി അടിച്ചു കയറ്റി.

**സിപിഎമ്മിലെ തമ്മിൽത്തല്ലും ഭരണത്തിൽ ദിനംപ്രതിയെന്നോണം അരങ്ങേറിക്കൊണ്ടിരുന്ന വിവാദങ്ങളും ജനങ്ങളെ അകറ്റുന്ന നയങ്ങളും നേതാക്കളുടെ സംസാരവുമെല്ലാം സാധാരണക്കാരെ ഇടതുമുന്നണിക്ക് എതിരാക്കി മാറ്റി. പാർട്ടിയിലെ നല്ലൊരു വിഭാഗവും നേതൃത്വത്തിന്റെ പോക്കിൽ അസംതൃപ്തരായിരുന്നു. ഇതാണ് പ്രാദേശികമായി വിമതശബ്ദമുയരാൻ ഇടയാക്കിയത്.**

ഇതിനൊക്കെയുള്ള ശിക്ഷയാണ് ജനങ്ങൾ നല്കിയത്. എന്നാൽ തോല്വിയെക്കുറിച്ചുള്ള ആത്മപരിശോധനയും ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടക്കുന്നതായാണ് കാണുന്നത്. അതായത് പരാജയത്തിൽ നിന്നും പഠിക്കാൻ പാർട്ടി ഇനിയും തയ്യാറല്ലെന്ന് അർത്ഥം.

ഇടതുമുന്നണിയെക്കുറിച്ചും അവശേഷിക്കുന്ന അവരുടെ രണ്ടുവർഷത്തെ സംസ്ഥാനഭരണത്തെക്കുറിച്ചും നമുക്കു കൂടുതലൊന്നും പ്രതീക്ഷിക്കാനില്ല. കഴിഞ്ഞ മൂന്നു വർഷം ഭരണം എങ്ങനെ പോയോ അങ്ങനെയൊക്കെ തന്നെ അടുത്ത രണ്ടു വർഷവും ഭരണം മുന്നോട്ടു പോകും. കേരളത്തിനു വിലപ്പെട്ട അഞ്ചു വർഷം വെറുതേ പാഴായിപ്പോയെന്നു ചുരുക്കം.

CYAN MAGENTA YELLOW BLACK

കാഴ്ചവട്ടം

പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

# പുലിമടയിൽപെട്ട ഭീതിയിൽ...

കൊളംബോയിൽ ഞങ്ങളെത്തിയതിന്റെ പ്രഥമ പ്രഭാതം. വിമാനത്താവളത്തിൽ നിന്നും താമസിക്കേണ്ട ഹോട്ടലിലെത്തുമ്പോൾ അർധരാത്രി. കണ്ണിൽ ഉറക്കവും മനസ്സിൽ ഭീതിയുമായിട്ടായിരുന്നു വിമാനത്താവളത്തിൽ ഇറങ്ങിയത്. തിരുവനന്തപുരത്തുനിന്നും കൊളംബോയിലേക്ക് പറക്കാനാരംഭിച്ചപ്പോൾ തന്നെ ചിലർ പിന്തിരിപ്പിക്കാൻ ശ്രമിച്ചതാണ്. കാരണം തലേന്നു കൊളംബോ നഗരത്തിലുൾപ്പെടെ മിക്ക സ്ഥലങ്ങളിലും ബോംബു സ്ഫോടനങ്ങൾ നടന്നിരുന്നു. കൊളംബോയ്ക്കു പുറത്താകട്ടെ വൻതോതിൽ ഏറ്റുമുട്ടലുകൾ ആരംഭിച്ചിരിക്കുന്നു, കുറേക്കാലത്തെ ഇടവേളയ്ക്കുശേഷം.

എയർപോർട്ടിൽ നിന്നുള്ള അപശകുനവാർത്തകൾ കേട്ട് ചിലർ യാത്ര ക്യാൻസൽ ചെയ്തു. ഞങ്ങളും സത്യത്തിൽ പോകണമോ വേണ്ടയോ എന്നുള്ള സന്ദേഹത്തിലായി. എന്നോടൊപ്പം മുൻ കെടിഡിസി മാനേജിംഗ് ഡയറക്ടർ എസ്.കെ. പിള്ളയാണുണ്ടായിരുന്നത്.

ഞങ്ങൾ കുറെനേരം ചർച്ചചെയ്തു. എന്തായാലും ഇറങ്ങിപുറപ്പെട്ടു, ഇനി മറിച്ചെങ്ങനെ?

"എന്തെങ്ങനെ? അപകടം എവിടെ വേണേലുമാകാം. കൊളംബോയിൽ വച്ചാണതു സംഭവിക്കുന്നതെങ്കിൽ വിധിയെന്നു കരുതാം. ഞാനെന്തായാലും പിന്നോട്ടില്ല."

എന്നേക്കാൾ പതിനഞ്ചുവയസ്സ് പ്രായമുള്ള എസ്.കെ. പിള്ളയ്ക്ക് ഇത്ര ധൈര്യമാണെങ്കിൽ പിന്നെ ഞാനായിട്ടെന്തിനു കുറയ്ക്കുന്നുവെന്ന് അല്പം ഉൾക്കിടിലത്തോടെ ചിന്തിച്ചുപോയി.

"എങ്കിൽ ശരി പൊയ്ക്കളയാം", ഞാനും തന്റേടത്തിലായി. അങ്ങനെ ഞങ്ങൾ കൊളംബോയിലുള്ള ന്യൂ ഓറിയന്റൽ ഹോട്ടലിലെത്തി. രാത്രി ആരോ കുശുകുശുക്കുന്ന പ്രതീതി.

> "വർഷങ്ങളായി, ഞങ്ങൾ പുലികൾ നിലനില്പിനു വേണ്ടി പടപൊരുതുകയാണ്. പക്ഷേ, ഇന്ത്യക്കാരെന്താണ് ചെയ്തത്? ഇന്ത്യൻ പട്ടാളക്കാരെ വിട്ടു ഞങ്ങളെ വകവരുത്തി. അതിന്റെ ഫലം രാജീവ് ഗാന്ധി അനുഭവിക്കുകയും ചെയ്തു." അവളുടെ മുഖം ദേഷ്യം കൊണ്ടു ജ്വലിക്കുകയായിരുന്നു.

എന്നു മാത്രമല്ല, ഹോട്ടലിലെത്തുമ്പോഴും വല്ലാത്ത ഭീതിജനകമായ അന്തരീക്ഷം. ജീവനക്കാർ ഭയചകിതരാണ്. പോലീസുകാർ ഹോട്ടൽ ലോബിയിലുണ്ടെന്നുള്ളത് അല്പം ആശ്വാസം പകരുകയും ചെയ്തു.

ഇനി പ്രഭാതത്തിലേക്കു വീണ്ടും. രാത്രി ഉറങ്ങാതെ കിടന്നതിനാൽ വിശപ്പിന്റെ വിളിയാണ് ഞങ്ങളെ കിടക്കയിൽ നിന്നും ഉയർത്തിവിട്ടത്. ബുഫെ സ്റ്റൈലിലുള്ള ബ്രേക്ഫാസ്റ്റ് ഹാളിലേക്ക് കടന്നുചെന്നു. രണ്ടോ മൂന്നോ പേർ മാത്രമേ ആ സമയം ബ്രേക്ഫാസ്റ്റിനെത്തിയിരുന്നുള്ളു. ഞങ്ങൾ കാര്യമായി കഴിക്കാൻ തുടങ്ങി.

പെട്ടെന്ന്, ഒരു യുവതിയും യുവാവും ഞങ്ങളുടെ ഇരിപ്പിടത്തിനടുത്തു

"ഞങ്ങൾ തമിഴ്നാട്ടിൽ നിന്നാണ്. അല്ല ഞങ്ങടെ വേരുകൾ തമിഴ്നാട്ടിലാണ്. നിങ്ങളെ കണ്ടപ്പോൾ നാട്ടുകാരാണെന്നു തോന്നി. അതിനാലാണിങ്ങോട്ടു വന്നതും"

യുവതി മാത്രമാണ് 'സ്പീക്കിംഗ്!' ഞങ്ങൾക്കാശ്വാസമായി. നാട്ടുകാരുടെ സാമീപ്യം.

"പക്ഷേ, ഇന്ത്യക്കാരോടു ഞങ്ങൾക്കെതിർപ്പാണ്. സത്യത്തിൽ ഇന്ത്യക്കാർ ഞങ്ങടെ ശത്രുക്കളാണ്".

ഞങ്ങൾ ഒന്നു ഞെട്ടിപ്പോയി. ഞങ്ങളുടെ ഭാവപ്പകർച്ച കണ്ടു യുവതിയുടെ മുഖം ബീഭത്സമായി.

"വർഷങ്ങളായി, ഞങ്ങൾ പുലികൾ നിലനില്പിനു വേണ്ടി പടപൊരുതുകയാണ്. പക്ഷേ, ഇന്ത്യക്കാരെന്താണ് ചെയ്തത്? ഇന്ത്യൻ പട്ടാളക്കാരെ വിട്ടു ഞങ്ങളെ വകവരുത്തി. അതിന്റെ ഫലം രാജീവ് ഗാന്ധി അനുഭവിക്കുകയും ചെയ്തു." അവളുടെ മുഖം ദേഷ്യം കൊണ്ടു ജ്വലിക്കുകയായിരുന്നു.

"നിങ്ങൾ എന്തു ചെയ്യുന്നു? ഭാര്യാഭർത്താക്കന്മാരാണോ?" ഭീതിയോടെയാണെങ്കിലും വിഷയം മാറ്റാനായി ഞാൻ ചോദിച്ചു.

"ഇതുകൊണ്ടൊന്നും ഞങ്ങൾ അടങ്ങില്ല. അവസാന തുള്ളി ചോര വരെ ഞങ്ങൾ ചൊരിയും". എന്റെ ചോദ്യത്തെ ഗൗനിക്കാതെ തന്നെ യുവതി പ്രതിജ്ഞചെയ്തു.

"ഞങ്ങൾ ഇവിടെയെല്ലാമുണ്ട്. ഞങ്ങളുടെ നേതാവ് ആശുപത്രിയിലാണ്. അദ്ദേഹത്തിനുള്ള സംരക്ഷണമായിട്ടാണ് ഞങ്ങൾ സിറ്റിയിലെത്തിയിട്ടുള്ളത്. "ഇതു കണ്ടോ – ഇതാണ് മരണഗുളിക" കറുത്ത ചരടിൽ കുരുക്കിയിട്ടിരുന്ന സൈനഡ് ഗുളികാലോക്കറ്റ് കാണിച്ചുകൊണ്ട് യുവാവായിരുന്നു ഇക്കുറി വായ്തുറന്നത്! സത്യം പറഞ്ഞാൽ, ഞങ്ങളുടെ മനസ്സ് പൂങ്കുല പോലെ വിറയ്ക്കുന്നുണ്ടായിരുന്നു.

**കഴിഞ്ഞദിവസം, പുലിത്തലവൻ പ്രഭാകരന്റെ ചേതനയറ്റ ശരീരം ടിവി ചാനലിൽ കണ്ടപ്പോൾ ഒരുവർഷം മുമ്പുള്ള ലങ്കൻ സന്ദർശനം ഓർത്തുപോയെന്നു മാത്രം. ഭീകരനായും ഹീറോയായും ലോകജനതയുടെ മുമ്പിൽ കത്തിനിന്ന പ്രഭാകരന്റെ അന്ത്യവും സങ്കല്പത്തിനപ്പുറമായിരുന്നു. സൈനഡു തേച്ച കത്തികളുമായി സിംഹളരെ കുത്തിക്കൊലപ്പെടുത്തിക്കൊണ്ട് ആരംഭിച്ച നരനായാട്ടിന്റെ സ്വാഭാവികമായ അന്ത്യമായിരുന്നു പ്രഭാകരനും നേരിടേണ്ടിവന്നത്. വംശനാശത്തോടെയുള്ള അന്ത്യം.**

ഉറക്കം വന്നില്ല, എനിക്കും പിള്ളയ്ക്കും. "ഉറങ്ങിയോ?" ഇടയ്ക്കിടെ പരസ്പരം ചോദിക്കുന്നുണ്ടായിരുന്നു. കാരണം, ഹോട്ടലിൽ വരും മുമ്പ്, പതിനൊന്നു തവണ പോലീസ് ഞങ്ങളുടെ കാറുകൾ പരിശോധിക്കുകയും ആളുകളാരാണെന്ന് ഉറപ്പുവരുത്തുകയും ചെയ്തു. അർധരാത്രി ഇടയ്ക്കിടെ കാറിനു കൈകാണിച്ചു നിർത്തുന്നവർ പോലീസുകാരാണോ പുലികളാണോ എന്നൊന്നും അറിയാനാവാത്ത അവസ്ഥ. ഇറങ്ങിപുറപ്പെടേണ്ടിയിരുന്നില്ലെന്നു മനസ്സിൽ വന്നു കുശലം പറഞ്ഞു തൊട്ടടുത്തിരിക്കാനുള്ള അനുവാദം തേടി. അവർ അവിടിരുന്നു. അവരുടെ കൈകളിലും ഭക്ഷണപാത്രങ്ങൾ തന്നെ.

'എക്സ്ക്യൂസ് മീ, നിങ്ങൾ ഇന്ത്യയിൽ നിന്നാണല്ലേ? യുവതി സംഭാഷണമാരംഭിച്ചു. വളരെ വിശാലമായ റസ്റ്റോറന്റിൽ, ഞങ്ങളുടെ സമീപം ഇവർക്ക് വന്നിരിക്കേണ്ട ഒരു കാര്യവും ഇല്ല തന്നെ. അവളുടെ ഇംഗ്ലീഷ് സംഭാഷണം അതീവഹൃദ്യമായിരുന്നു തുടക്കത്തിൽ.

രാവിലെ തന്നെ എന്റെ ഒരു ബന്ധുവായ സുധാകരനുമായി ഫോണിൽ ബന്ധപ്പെട്ടിരുന്നു. കൊളംബോയിലെ ഇന്ത്യൻ ബാങ്ക് ചീഫ് മാനേജരാണയാൾ. രാവിലെ ഞങ്ങളെ കാണാൻ ഹോട്ടലിലെത്തുമെന്നറിയിച്ചിരുന്നു. ഈ പിടിവള്ളിയിൽ പിടിച്ചു എസ്.കെ. പിള്ള ഒരടവ് പ്രയോഗിച്ചു.

"ഞങ്ങൾ ഒരു ടൂറിസം സെമിനാറിൽ പങ്കെടുക്കാനെത്തിയതാണ്. ഭാരവാഹികൾ ഇപ്പോഴെത്തും."

>> 8

## അറിയേണ്ടും വാർത്തകൾ

### എല്ലാവർക്കും പറയാനുള്ളത് നഷ്ടകണക്ക്
### വിർജിനു മാത്രം ലാഭകണക്ക്



ആഗോള സാമ്പത്തിക പ്രതിസന്ധി, ഇന്ധന വിലവർധനവ് തുടങ്ങിയ ഒട്ടനവധി കാരണങ്ങൾ പറഞ്ഞ് ലോകത്തെ ഒട്ടുമിക്ക പ്രമുഖ വിമാന കമ്പനികളും തങ്ങളുടെ നഷ്ടക്കണക്ക് നിരത്തുമ്പോൾ വിർജിൻ അറ്റ്ലാന്റിക് തങ്ങളുടെ ലാഭം ഇരട്ടിയായെന്നു പറയുന്നു. വാർഷികലാഭം 109 മില്യൺ ഡോളറായാണ് ഉയർന്നത്. കഴിഞ്ഞവർഷം ഇത് 54 മില്യൺ ഡോളറായിരുന്നു.

എന്നാൽ ബ്രിട്ടീഷ് എയർവെയ്സ്, എയർ ഫ്രാൻസ്, എമിറേറ്റ്സ്, ഈസി ജെറ്റ് തുടങ്ങിയ പ്രമുഖ വിമാനകമ്പനികളെല്ലാം തങ്ങൾക്കുണ്ടായ ഭീമമായ നഷ്ടം നികത്തുന്നതിനുള്ള നടപടികളിലേക്ക് കടന്നിരിക്കുന്നു.

ഉയർന്ന ക്ലാസിലെ യാത്രക്കാരുടെ എണ്ണത്തിലുണ്ടായ വർധനവാണ് തങ്ങളുടെ കുതിപ്പിന് പ്രധാന കാരണമായി വിർജിൻ അധികൃതർ ചൂണ്ടിക്കാട്ടുന്നത്. കൂടാതെ വിലയിലെ മാറ്റം മുൻകൂട്ടിക്കണ്ട് ഇന്ധനം സ്റ്റോക്ക് ചെയ്യാൻ കഴിഞ്ഞതു വഴി തങ്ങൾക്ക് ഇന്ധന വിലയിലുണ്ടായ വർധനവിൽ നിന്ന് രക്ഷപെടാൻ കഴിഞ്ഞതായി വിർജിന്റെ പ്രസിഡണ്ട് റിച്ചാർഡ് ബ്രാൻസൺ പറയുന്നു. പക്ഷേ, മറ്റ് വിമാനകമ്പനികൾ അവരുടെ നഷ്ടത്തിന്റെ കാരണങ്ങളായി ചൂണ്ടിക്കാട്ടുന്നത് ഇന്ധനവിലയിലുണ്ടായ വൻവർധനവും ഉയർന്ന വിഭാഗം യാത്രക്കാരുടെ എണ്ണത്തിൽ കുത്തനെയുണ്ടായ ഇടിവുമാണ്.

ബ്രിട്ടീഷ് എയർവെയ്സിന് കഴിഞ്ഞവർഷം ഉണ്ടായ നഷ്ടം 401 മില്യൺ യൂറോയാണ്. വർഷത്തിന്റെ രണ്ടാം പാതിയിൽ ഉയർന്ന ക്ലാസ് യാത്രക്കാരുടെ എണ്ണത്തിൽ പതിമൂന്ന് ശതമാനത്തിന്റെ കുറവുണ്ടായതായി കമ്പനി പറയുന്നു. ഇന്ധനവിലയിലുണ്ടായ വൻ വർധനവും നഷ്ടത്തിന്റെ ആഴം കൂട്ടി.



യൂറോപ്പിലെ ഏറ്റവും വലിയ വിമാനകമ്പനിയായ എയർ ഫ്രാൻസ് അടിയന്തിരമായി മൂവായിരത്തോളം ജീവനക്കാരെയാണ് പിരിച്ചുവിടാൻ ഒരുങ്ങുന്നത്. കൂടാതെ ലോകത്തിലെ തന്നെ ഏറ്റവും വലിയ എയർലൈനായ ഡെൽറ്റയുമായി ചില റൂട്ടുകളിൽ ടൈഅപ്പിനായി അവർ ശ്രമിച്ചുവരുന്നു. മാർച്ച് 31 വരെയുള്ള മൂന്നുമാസത്തെ കമ്പനിയുടെ നഷ്ടം 550 മില്യൺ യൂറോയാണ്.

പശ്ചിമേഷ്യയിലെ ഒന്നാമനായ എമിറേറ്റ്സിന് 2008–09ൽ ലാഭത്തിൽ 72 ശതമാനം ഇടിവുണ്ടായത്രെ. ഇതിന്റെ പ്രധാനകാരണങ്ങളായി ഇവരും ചൂണ്ടിക്കാട്ടുന്നത് ആഗോളപ്രതിസന്ധിയും ഇന്ധനവിലയിലുണ്ടായ വർധനയുമാണ്. മാർച്ച് 31 വരെയുള്ള എമിറേറ്റ്സിന്റെ ലാഭം 1.49 ബില്യൺ ദിർഹമാണ്. എന്നാൽ ഇതിന് മുമ്പത്തെ സാമ്പത്തികവർഷം ലാഭം 5.3 ബില്യൺ ദിർഹമായിരുന്നു.



ബജറ്റ് എയർലൈനായ ഈസി ജെറ്റിന് യാത്രക്കാരുടെ എണ്ണത്തിൽ 2.9 ശതമാനത്തിന്റെ വർധനവുണ്ടായെങ്കിലും ഇന്ധനവിലവർധന തിരിച്ചടിയായി. മാർച്ച് 31 വരെയുള്ള മൂന്നുമാസത്തെ നഷ്ടം 129.8 മില്യൺ യൂറോയാണ്. കഴിഞ്ഞവർഷം ഇതേ കാലയളവിൽ 48.4 മില്യൺ യൂറോ നഷ്ടം രേഖപ്പെടുത്തിയ സ്ഥാനത്താണിത്.